പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3032. 07.12.2018 ൽ മറുപടിയ്ക്ക്

സ്കൂൾ പരിസരത്തെ ലഹരി വസ്തുക്കളുടെ വിൽപ്പന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ടി.തോമസ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | എറണാകുളം ജില്ലയിൽ സ്കൂൾ പരിസരം കേന്ദ്രീകരിച്ച് വിദ്യാർത്ഥികൾക്ക് ലഹരി വസ്തുക്കൾ വിൽപ്പന നടത്തുന്ന സംഘങ്ങൾ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത്തരക്കാരെ നിയന്ത്രിക്കുന്നതിന് ഓരോ സ്കൂളും പരിസരവും കേന്ദ്രീകരിച്ച് പ്രത്യേക സ്ക്വാഡ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; | (ബി) | ജില്ലയിലെ ജോയിന്റ് എക്സൈസ് കമ്മീഷണർ മുതൽ സിവിൽ എക്സൈസ് ഓഫീസർമാർ വരെയുള്ള ജീവനക്കാർക്ക് എക്സൈസ് കമ്മീഷണറുടെ നിർദ്ദേശാനുസരണം രണ്ട് സ്കൂൾ വീതം നിരീക്ഷിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. കൂടാതെ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡ് ഇത്തരക്കാരെ നിരീക്ഷിക്കുന്നുമുണ്ട്. |
| (സി) | എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ സ്കൂളുകളിലും ഇത് സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ഭാഗമായി സ്കൂൾ തലത്തിൽ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുള്ളതും, സ്കൂളുകളിൽ വിമുക്തി മിഷന്റെ ഭാഗമായി ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസുകൾ, ശില്പശാലകൾ, ഫുട്ബോൾ മത്സരം, വോളീബോൾ മത്സരം, ചിത്രരചനാ മത്സരം തുടങ്ങിയവ നടത്തി വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ